(സി) ഉണ്ടെങ്കിൽ അടിസ്ഥാനബിരുദമില്ലാത്തവരെ ഈ തസ്തികകളിൽ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എങ്ങനെ, എന്തുകൊണ്ട്, എത്രകാലത്തേയ്ക്ക് എത്രപേരെ;

(ഡി) ഈ ഒഴിവുകളിലേക്ക് പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നിയമനം നടത്താത്തതിന്റെ കാരണം എന്ത്?

കൃഷിവകുപ്പു മന്ത്രി (ശ്രീ. എ.എൽ. ജേക്കബ്):

(എ) സ്പെഷ്യൽ റൂൾസ് ആയിട്ടില്ല. എന്നാൽ എക്സിക്യൂട്ടീവ് ഉത്തരവുകളും നിലവിലുണ്ട്.

(ബി) നിലവിലുള്ള എക്സിക്യൂട്ടീവ് ഉത്തരവുകളും പ്രകാരം ജൂനിയർ അഗ്രിക്കൾച്ചറൽ ഓഫീസർമാരായി നിയമനം ലഭിക്കുന്നതിനുള്ള യോഗ്യത കൃഷി ശാസ്ത്രത്തിൽ അടിസ്ഥാന ബിരുദം മാത്രമായി നിശ്ചയിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തുന്നതിനുള്ള നടപടികളും എടുത്തിട്ടുണ്ട്.

പശ്ചിമഘട്ട വികസന പദ്ധതി

* 516 [539] ഡോ: ജോർജ് മാത്യു:

ശ്രീ. എം. വി. മാണി:

,, കെ. എം. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട വികസന പദ്ധതിയിൽ ഇപ്പോൾ എത്ര താലൂക്കുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്; അവ ഏതെല്ലാം;

(ബി) പുതുതായി ഏതെങ്കിലും താലൂക്കുകൾ ഉൾപ്പെടുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ):

(എ) പശ്ചിമഘട്ട വികസന പദ്ധതിയിൽ 21 താലൂക്കുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അവ താഴെ പറയുന്നവയാണ്.

1. വടക്കൻ വയനാട്
2. തെക്കൻ വയനാട്
3. കൊയിലാണ്ടി
4. വടകര
5. ഏറനാട്
6. മണ്ണാർക്കാട്
7. പാലക്കാട്
8. ചിറ്റൂർ
9. മുകുന്ദപുരം
10. കുന്നത്തുനാട്
11. മീനച്ചൽ
12. കോതമംഗലം
13. കാഞ്ഞിരപ്പള്ളി
14. പത്തനംതിട്ട

LIBRARY ARCHIVES Kerala Legislative Assembly

15. പത്തനാപുരം
16. തൊടുപുഴ
17. ദേവികുളം
18. ഉടുമ്പഞ്ചോല
19. പീരുമേട്
20. നെയ്യാറിൻകര
21. നെടുമങ്ങാട്.

(ബി) പുതുതായി താലൂക്കുകൾ ഉൾപ്പെടുത്താൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല.

സർക്കാർ ജീവനക്കാർക്കുള്ള വൈദ്യസഹായ പദ്ധതി

* 517 [540] ശ്രീ. എൻ. സുബ്രഹ്മണ്യഷേണായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കുള്ള വൈദ്യസഹായ പദ്ധതിയനുസരിച്ച് ബില്ലുകൾ പാസാക്കി കിട്ടുവാൻ വളരെയേറെ കാലതാമസമുണ്ടാകുന്നുവെന്ന പരാതി ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) 1977, 1978 എന്നീ വർഷങ്ങളിൽ ഹെൽത്തു സർവീസ് ഡയറക്ടറാഫീസിൽ 'കൗണ്ടർ സൈൻ' ചെയ്യുവാൻ ഇത്തരം എത്ര ബില്ലുകൾ വീതം ലഭിക്കുകയുണ്ടായി?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ഉണ്ട്.

(ബി) വിലമടക്കികൊടുക്കാവുന്ന മരുന്നുകളുടെ ഒരു ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഈ മരുന്നുകളുടെ 'ബ്രാൻഡ്' നാമം കൂടി പ്രസിദ്ധപ്പെടുത്തുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചു വരുന്നു. മെഡിക്കൽ റീഇംബേഴ്സ്മെൻറ് ബില്ലുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേകമായി, ഡയറക്ടറാഫീസിൽ മൂന്നു ക്ലാർക്കുമാരുടെ തസ്തിക കൂടി അനുവദിച്ചിട്ടുണ്ട്.

(സി) 1977-ൽ 4,572 ബില്ലുകളും 1978-ൽ 14,015 ബില്ലുകളും കിട്ടിയിട്ടുണ്ട്.

പഞ്ചായത്ത് മുനിസിപ്പൽ ജീവനക്കാർക്ക് സർക്കാരിൽനിന്നും നേരിട്ട് ശമ്പളം കൊടുക്കണമെന്ന നിർദ്ദേശം

* 518 [543] ശ്രീ. കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് മുനിസിപ്പൽ ജീവനക്കാർക്ക് സർക്കാരിൽ നിന്നും നേരിട്ട് ശമ്പളം കൊടുക്കണമെന്ന് നിർദ്ദേശം ഉണ്ടായിട്ടുണ്ടോ;

(ബി) സഹകാര്യമേഖലയിലെ അദ്ധ്യാപകർക്ക് അനുവദിച്ചിട്ടുള്ള ഈ ആനുകൂല്യം ഈ വിഭാഗം ജീവനക്കാർക്കും അനുവദിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly